LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകുകയും കമ്മിറ്റി വിവിധ മേഖലകളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധനവിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർജ് കുറയ്ക്കേണ്ടതില്ല എന്നാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഇന്ധനവിലയിൽ സ്ഥിരത ഉണ്ടാകുന്ന അവസ്ഥ വരുമ്പോൾ പരിഗണിക്കപ്പെടേണ്ടതായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ബസ് ചാർജ്ജും ടാക്സി-ഓട്ടോറിക്ഷാനിരക്കുകളും കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുകയുണ്ടായി. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളിൽ ചാർജ് കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്ന വാഹന ഡീലർമാർക്കെതിരെ സ്വീകരിച്ച നടപടികൾ

404 (382) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

ശ്രീ. വി.ശിവൻകുട്ടി:

ശ്രീ. ആർ. രാജേഷ്:

ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ വിൽക്കുന്ന ഡീലർമാർ ഹാൻഡ്ലിംഗ് ചാർജ്ജിനത്തിൽ വാഹന ഉപഭോക്താക്കളിൽനിന്നും വൻതുക നിർബന്ധപൂർവ്വം ഈടാക്കുന്നതായുള്ള പ്രശ്നത്തിൽ വാഹന ഡീലർമാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൈകാര്യ ചെലവിനത്തിൽ അനധികൃതമായി ഡീലർമാർ പിരിച്ചെടുത്തതുകയെ സംബന്ധിച്ചുള്ള കണക്കുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര വാഹനങ്ങളുടെ വിൽപ്പന നടക്കുന്നുണ്ട്; എത്ര വാഹന ഷോറൂമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഡീലർമാർ ശരാശരി എത്ര രൂപ കൈകാര്യ ചെലവിനത്തിൽ കൈപ്പറ്റുന്നതായി കണ്ടെത്തുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ട്രാൻസ്പോർട്ട് അധികൃതർ നടത്തിയിരുന്ന റെയ്ഡുകളിലൂടെയും മറ്റും ഈ പ്രശ്നത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വിശദമാക്കാമോ;

(ഇ) എത്ര വാഹന ഡീലർമാർക്കെതിരെ കേസ്സെടുക്കുകയുണ്ടായി; ആരുടെയെല്ലാം ട്രേഡ് സർട്ടിഫിക്കറ്റുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) വാഹന വിൽപ്പന നടത്തുന്ന ഡീലർമാരുടെ ഷോറൂമുകൾ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതായി സംശയിക്കപ്പെടുന്ന ഡീലർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ഓഫീസുകളിൽ വിളിച്ചുവരുത്തി തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. അനധികൃതമായി തുക ഈടാക്കുന്നവരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുമെന്ന് അവർക്ക് താക്കീത് നൽകുകയും ചില ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുകയും പണം ഒടുക്കിയവരിൽ നിന്ന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പണം തിരികെ കൊടുപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണക്കുകൾ കണ്ടെത്തിയിട്ടില്ല.

(സി) ഏകദേശം 6,50,000 ഓളം വാഹനങ്ങളുടെ വിൽപ്പന നടക്കുന്നുണ്ട്. 1095 വാഹന ഷോറൂമുകൾ പ്രവർത്തിക്കുന്നുണ്ട്. 5000 രൂപ വരെ കൈകാര്യ ചെലവിനത്തിൽ ഈടാക്കുന്നതായി കണ്ടെത്തുകയുണ്ടായി. ഡീലർമാർ വിവിധ നിരക്കിലാണ് ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്നത്.

(ഡി) ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്നതായി കണ്ടെത്തി. മുമ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ലായിരുന്നു. ട്രേഡ് സർട്ടിഫിക്കറ്റിന്റെ നിബന്ധന ലംഘനം കണ്ടെത്തി. ചില ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതായിരുന്നു.

(ഇ) 50 ഡീലർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. നിപ്പോൺ ടൊയോട്ട, കൊല്ലം; എസ് എസ് ഹ്യൂണ്ടായ് മോട്ടോഴ്സ്, മാവേലിക്കര; വിഷൻ ഹോണ്ട, തൃശ്ശൂർ; എം. സി. പി. എന്റർപ്രൈസസ്, ഇൻഡസ് മോട്ടോഴ്സ്, കൊച്ചി; മുത്തൂറ്റ് മോട്ടോഴ്സ്, കൊച്ചി എന്നിവരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly